**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2509** **27-02-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായിക നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | 2016-2021 കാലം മുതൽ നാളിതുവരെ സംസ്ഥാനത്തേക്ക് വ്യാവസായിക നിക്ഷേപം ആകർഷിക്കുന്നതിനായി മുഖ്യമന്ത്രിയും മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും ഉൾപ്പെടെയുള്ളവർ നടത്തിയ വിദേശയാത്രകളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | 1. 2019-ൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ് മന്ത്രി ഉൾപ്പെട്ട സംഘം ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങൾ സന്ദർശിച്ചതിനെ തുടർന്ന് നാളിതുവരെ ഏകദേശം 305 കോടി രൂപയുടെ നിക്ഷേപ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ ടെറുമോ പെൻപോളിന്റെ ഏകദേശം 140 കോടി രൂപയുടെ നിക്ഷേപം വന്നു കഴിഞ്ഞു. നിറ്റാ ജലാറ്റിൻ കമ്പനിയുടെ നിക്ഷേപത്തിന്റെ കാര്യത്തിൽ ഡി.പി.ആർ തയ്യാറാക്കി തുടർനടപടികൾ നടന്നുവരുന്നു.<br>2. 2021 ഒക്ടോബർ 1 മുതൽ 2022 മാർച്ച് 31 വരെ ദുബായിൽ നടന്ന 'ദുബായ് വേൾഡ് എക്സ്പോ 2020' ൽ ഇന്ത്യ പവലിയന്റെ ഭാഗമായി 'കേരള വീക്ക്' 2022 ഫെബ്രുവരി 4 മുതൽ 10 വരെ നടത്തപ്പെടുകയുണ്ടായി. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ്, നോർക്ക, ടൂറിസം, സ്റ്റാർട്ടപ്പ് മിഷൻ, കേസ് (KASE), ഒഡേപെക് (ODEPC) എന്നീ വകുപ്പുകളുടെയും ഏജൻസികളുടെയും ഉദ്യോഗസ്ഥന്മാർ സംരംഭകരുമായി വിവിധതലത്തിലുള്ള കൂടിക്കാഴ്ചകളും ആശയവിനിമയങ്ങളും നടത്തിയിരുന്നു. ദുബായ് സന്ദർശനത്തിന്റെ ഫലമായി ഇതിനകം 170 കോടി രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധം-I ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.)<br>3. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 03.10.2022 മുതൽ 12.10.2022 വരെ യുകെ നോർവേ തുടങ്ങിയ രാജ്യങ്ങളിലെ സന്ദർശനത്തെ തുടർന്ന് നിരവധി നിക്ഷേപ |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങൾ ഉണ്ടാവുകയും ധാരണാ പത്രങ്ങൾ ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. സന്ദർശന ഫലമായി ഉരുത്തിരിഞ്ഞ നിക്ഷേപ സാധ്യതകൾ സംബന്ധിച്ച തുടർ ചർച്ചകൾ പൂർത്തീകരിക്കുന്നതനുസരിച്ച് മാത്രമേ ഇത് സംബന്ധിക്കുന്ന വിവരങ്ങൾ വ്യക്തമാകുകയുള്ളൂ. |
| (ബി) | ഓരോ യാത്രയിലും നേടിയെടുത്ത/പ്രഖ്യാപിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയിലും നാളിതുവരെ എന്തൊക്കെ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെന്നും ഓരോ പദ്ധതിയിലും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ? | (ബി) | 1. 2019-ൽ ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ് മന്ത്രി ഉൾപ്പെട്ട സംഘം ജപ്പാൻ, കൊറിയ എന്നീ രാജ്യങ്ങൾ സന്ദർശിച്ചതിനെ തുടർന്ന് നാളിതുവരെ ഏകദേശം 305 കോടി രൂപയുടെ നിക്ഷേപ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ ടെറുമോ പെൻപോളിന്റെ ഏകദേശം 140 കോടി രൂപയുടെ നിക്ഷേപം വന്നു കഴിഞ്ഞു. നിറ്റാ ജലാറ്റിൻ കമ്പനിയുടെ നിക്ഷേപത്തിന്റെ കാര്യത്തിൽ ഡി.പി.ആർ തയ്യാറാക്കി തുടർനടപടികൾ നടന്നുവരുന്നു.<br>2. 2021 ഒക്ടോബർ 1 മുതൽ 2022 മാർച്ച് 31 വരെ ദുബായിൽ നടന്ന 'ദുബായ് വേൾഡ് എക്സ്പോ 2020' ൽ ഇന്ത്യ പവലിയന്റെ ഭാഗമായി 'കേരള വീക്ക്' 2022 ഫെബ്രുവരി 4 മുതൽ 10 വരെ നടത്തപ്പെടുകയുണ്ടായി. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യവസായ വകുപ്പ്, നോർക്ക, ടൂറിസം, സ്റ്റാർട്ടപ്പ് മിഷൻ, കേസ് (KASE), ഒഡേപെക് (ODEPC) എന്നീ വകുപ്പുകളുടെയും ഏജൻസികളുടെയും ഉദ്യോഗസ്ഥന്മാർ സംരംഭകരുമായി വിവിധതലത്തിലുള്ള കൂടിക്കാഴ്ചകളും ആശയവിനിമയങ്ങളും നടത്തിയിരുന്നു. ദുബായ് സന്ദർശനത്തിന്റെ ഫലമായി ഇതിനകം 170 കോടി രൂപയുടെ നിക്ഷേപം ലഭിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധം-I ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.)<br>3. ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 03.10.2022 മുതൽ 12.10.2022 വരെ യുകെ നോർവേ തുടങ്ങിയ രാജ്യങ്ങളിലെ സന്ദർശനത്തെ തുടർന്ന് നിരവധി നിക്ഷേപ നിർദ്ദേശങ്ങൾ ഉണ്ടാവുകയും ധാരണാ പത്രങ്ങൾ ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. സന്ദർശന ഫലമായി ഉരുത്തിരിഞ്ഞ നിക്ഷേപ സാധ്യതകൾ സംബന്ധിച്ച തുടർ ചർച്ചകൾ പൂർത്തീകരിക്കുന്നതനുസരിച്ച് |

| | | | |
|---|---|---|---|
| | | | മാത്രമേ ഇത് സംബന്ധിക്കുന്ന വിവരങ്ങൾ വ്യക്തമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-I**

| നം. | കമ്പനി | പദ്ധതി | നിക്ഷേപം (രൂപ കോടിയിൽ) | നടപടികൾ |
|---|---|---|---|---|
| 1 | മുരള്യ ഡയറി പ്രോഡക്ട്സ് | പാൽ സംസ്കരണം, പാലുല്പന്നങ്ങൾ, ലോജിസ്റ്റിക് പാർക്ക് | 70.00 (ഒന്നാം ഘട്ടം) | കെ.എസ്. ഐ.ഡി. സി. -യുടെ അങ്കമാലി ഇൻവെസ്റ്റർ പാർക്കിൽ 4.76 ഏക്കർ സ്ഥലം പദ്ധതിക്കായി അനുവദി ച്ചിട്ടുണ്ട്. |
| 2 | ഹോട്ട്പാക്ക് | ഭക്ഷ്യവസ്തുക്കളുടെ പാക്കേജിങ്ങ് ഉൽപ്പന്നങ്ങൾ | 100.00 | കെ. എസ്. ഐ. ഡി. സി. യുടെ അങ്കമാലി ഇൻവെസ്റ്റർ പാർക്കിൽ 4.80 ഏക്കർ സ്ഥലം പദ്ധതിക്കായി നല്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി. |

**സെക്ഷൻ ഓഫീസർ**